ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പെല്ലാം ഏകദേശം ജില്ലാകള ക്ടറുടെ ഓഫീസിൽ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഈ പദ്ധതി ഇ.പി. സി.എം. കരാറായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കു ന്നതിനെപ്പറ്റി ഉപദേശം ആരായുന്നതിനായി കേരള വാട്ടർ അതോറിറ്റി ബോർഡ് തീരുമാനിച്ചു. കെ.എസ്.സി.സി. സമർപ്പിച്ച 55.27 കോടി രൂപയുടെ ഓഫർ കേരള വാട്ടർ അതോറിറ്റി ഒരു ഉന്നതാധികാര സമിതിയെക്കൊണ്ട് പരി ശോധിപ്പിച്ച് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ആ ഓഫറിന് അംഗീകാരം നൽകിയില്ല. പദ്ധതിയുടെ നടത്തിപ്പിനായി ഇ.പി. സി.എം. പ്രകാരം മൽസര സ്വഭാവമുള്ള കരാറുകൾ ക്ഷണിക്കാൻ രണ്ടായിരാ മാണ്ട് ജൂലൈയിൽ സർക്കാർ നിർദ്ദേശിച്ചത് അനുസരിച്ച് 20-10-2000 അവസാ നദിവസം ആക്കി മധ്യമേഖലാ ചീഫ് എഞ്ചിനീയർ ദർഘാസുകൾ ക്ഷണിച്ചി രുന്നു. ഈ തീയതി ചില സാങ്കേതിക കാരണങ്ങളാൽ 14-11-2000-ലേയ്ക്ക് നീട്ടുകയും ചെയ്തു. പിന്നീട് നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കോർപ്പ റേഷന്റെ ഓഫർ ലഭിച്ചത് വാട്ടർ അതോറിറ്റി വിശകലനം നടത്തിക്കൊണ്ടിരി ക്കുകയാണ്. 28-11-2000-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ബോർഡ് നാഷ ണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കമ്പനിക്ക് പ്രസ്തുത ജോലി ഏൽപ്പിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബോർഡ് തീരുമാനം സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആ പ്രദേശത്തെ എം. എൽ.എ. മാരേയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുകൂട്ടിയെങ്കിൽ മാത്രമേ അതിനനുസൃതമായ തീരുമാനം എടുക്കാൻ കഴിയൂ. ചില സാങ്കേതിക പ്രശ്ന ങ്ങളുണ്ട്.

VI. പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇന്നലെമുതൽ ഈ നിയമസഭാകവാടത്തിൽ 10 എം.എൽ.എ.മാർ നിരാഹാരം കിടക്കുക യാണ്. ഇന്നു രാവിലെ, കാർഷിക മേഖലയിൽ കൃഷിക്കാരനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു ശ്രദ്ധക്ഷ ണിക്കലുണ്ടായിരുന്നു. അതിനു മറുപടി പറഞ്ഞ കൂട്ടത്തിൽ ബഹു.മന്ത്രി കേന്ദ്രഗവൺമെന്റിന്റെ വീഴ്ചകളെപ്പറ്റിയൊക്കെ പറഞ്ഞു. അത്തരം കാര്യ ങ്ങളിൽ പലതിനോടും നമുക്ക് തർക്കമുള്ള കാര്യമല്ല. കേന്ദ്രഗവൺമെ ന്റിൽനിന്നും കിട്ടേണ്ട കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം. കേന്ദ്രനയങ്ങളിൽ ചിലതിന് മാറ്റമുണ്ടാകണം. അതിൽ തർക്കമില്ല. പക്ഷേ, കേന്ദ്രത്തെ പഴിചാ രുന്ന അവസരത്തിൽ സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യണം. ഇന്നുരാവിലെ ബഹു.കണാരൻ പോലും കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ചപ്പോൾ പറഞ്ഞു. അടിയന്തിരമായും കാർഷിക കട ങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കണമെന്ന്. അപ്പോൾ ആ കാര്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ യോജിപ്പുള്ളതാണ്. കേര ളത്തിലെ കൃഷിക്കാരുടെ ഏറ്റവും മൗലികപ്രശ്നങ്ങളായ കാർഷിക കട ങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക. കാർഷിക കടവായ്പ ഇന്ന് പ്രതിസ ന്ധിയിലാണ്. ആ പ്രതിസന്ധി പരിഹരിക്കണമെങ്കിൽ ട്രഷറിയിൽ നിക്ഷേപി ച്ചിരിക്കുന്ന പണം നമ്മുടെ സഹകരണ ബാങ്കുകൾക്ക് തിരികെ കൊടുക്കണം. അതുപോലെ, പച്ചതേങ്ങയും കൊപ്രയും സംഭരിക്കാനുള്ള ഏർപ്പാടുകൾ വേഗം നടത്തുകയാണെങ്കിൽ, അത്തരം പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും. അതുപോലെ, ഈ ഗവൺമെന്റ് വർദ്ധിപ്പിച്ച കാർഷിക മേഖലയിലെ ടാക്സു

LIBRARY ARCHIVES Kerala Legislative Assembly

കൾ പിൻവലിക്കണം. കാർഷികോൽപ്പന്നങ്ങൾക്കും. രാസവളങ്ങൾക്കും വർദ്ധിച്ച നിരക്കിലാണ് ടാക്സ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് അടിയന്തിരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യണം. അതിനുശേഷം ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും ഒരു മിച്ച് കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ ആവശ്യപ്പെടാം. പക്ഷേ കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ കേന്ദ്രത്തെക്കൊണ്ട് ചെയ്യിക്കുമ്പോൾ ഈ സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തില്ലല്ലോ എന്ന് അവർ നാളെ പറയാനുള്ള അവസരമുണ്ട്. ഇന്നു രാവിലെ ശ്രീ. കണാരൻ പറഞ്ഞതും ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ യോജിപ്പുള്ള കാര്യമാണ്. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക. ഈ ആവശ്യങ്ങൾ ബഹു.ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് ഇന്നത്തെ ഈ പ്രശ്നം പരിഹരിക്കാൻ മുന്നോട്ടുവരണം. അതോടൊപ്പം നിരാഹാരം അവസാനിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നുമാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. മുഖ്യമന്ത്രി മുൻകൈയെടുത്താണ് ഇതിന് പരിഹാരമുണ്ടാക്കേണ്ടത്. അല്ലെങ്കിൽ ധനകാര്യവകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും കൂടെ മുൻകൈയെടുത്ത് പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഈ സാമ്പത്തിക നയം മാറുക എന്നുള്ളതാണ്. അതാണ് അതിന്റെ പ്രധാനപ്പെട്ട പ്രശ്നം. ആ പ്രശ്നത്തോടുള്ള ബഹു.പ്രതിപക്ഷനേതാവിന്റെ സമീപനം അറിയണ്ടേ? അതാണ് പ്രശ്നം. ഇറക്കുമതി നയമാണ് ആദ്യം മാറേണ്ടത്. അല്ലാതെ നമ്മൾ ചെയ്യുന്ന പ്രവൃത്തികൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. ഏറ്റവും ആദ്യം ചെയ്യേണ്ടത് ഇറക്കുമതിനയം തിരുത്തുക എന്നുള്ളതാണ്. അതിനെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തികനയമാണ് നാം തിരുത്തേണ്ടത്. ഇതു പറയുമ്പോൾ ഇങ്ങനെ ബഹളം വച്ചിട്ട് കാര്യമില്ല. നിങ്ങൾക്ക് കുറ്റബോധമുണ്ടെന്ന് എനിക്ക് നല്ലതുപോലെ അറിയാം. കാരണം നിങ്ങളാണല്ലോ നയം രൂപീകരിച്ചത്. ആ നയത്തിന്റെ ഫലമായിട്ടാണല്ലോ ഇന്നത്തെ സ്ഥിതി വന്നത്. അതുകൊണ്ട് ഇവിടെ ചെയ്യേണ്ട കാര്യങ്ങൾ സംസ്ഥാന ഗവണമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുന്നുണ്ട്. അതാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ശരി. ഇത്രയും സമയം കഴിഞ്ഞു. എനിക്ക് ഇരിക്കുന്നതിൽ കുഴപ്പമില്ല.

ശ്രീ. ജി. കാർത്തികേയൻ ; ഈ നിയമസഭയ്ക്കകത്ത് പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിൽ യോജിക്കേണ്ട കാര്യങ്ങളിൽ യോജിക്കണം. അതാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. പക്ഷേ 10 എം.എൽ.എ. മാർ നിരാഹാരം കിടക്കുന്നത് അവസാനിപ്പിക്കുന്നതിനുള്ള ചർച്ച ആരംഭിക്കണമെങ്കിൽ ഡൽഹിയുടെ ഇറക്കുമതി നയം മാറ്റണമെന്നു പറയുന്നത് ശരിയാണോ. ഇവിടെ ചെയ്യേണ്ടത് ഇവിടെ ചെയ്യണ്ടേ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ പ്രതിപക്ഷനേതാവ് ബഹു.എം.എൽ.എ.മാർ നിരാഹാരം കിടക്കുന്നതിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയും കേരള സംസ്ഥാനത്തിന് ചെയ്യാൻ കഴിയുന്ന പരാമാവധി കാര്യങ്ങൾ ചെയ്യണമെന്ന് പറയുകയും ചെയ്തു. അതിനെ സംബന്ധിച്ച് ഒരു കാര്യം പറഞ്ഞതോടെ . . . . . (ബഹളം) . . . . . ചെയ്തത് പറയാൻ പാടില്ലേ? എസ്.ആർ.ഒ. മുഴുവൻ ഞാൻ വായിക്കാം. കാർഷികാദായ

LIBRARY ARCHIVES Kerala Legislative Assembly

നികുതി കോംമ്പൗണ്ട് ചെയ്യുന്നതിനുള്ള പരിധി 20 ഹെക്ടറിൽ നിന്ന് 500 ഹെക്ടറായി ഉയർത്തി. കമ്പനികളുടെ കാർഷികാദായ നികുതി 65 ശതമാനത്തിൽ നിന്ന് 60 ശതമാനമായി കുറച്ചു. കാർഷികാദായ നികുതി നിയമത്തിലെ സെക്ഷൻ 13(3) ഭേദഗതി ചെയ്ത് കാർഷികാദായ നികുതിയുടെ എക്സംപ്ഷൻ പരിധി 5 ഹെക്ടറായി ഉയർത്തി. ഇതു പ്രകാരം 5 ഹെക്ടർ വരെയുള്ള കൃഷിക്കാർ (പ്ളാന്റേഷൻ ഉൾപ്പെടെ) കാർഷികാദായ നികുതി അടയ്ക്കേണ്ടതില്ല. വേപ്പ്, പിണ്ണാക്ക് എന്നിവ ഓർഗാനിക് മാനുവർ ആയി കണക്കാക്കി നികുതി പൂർണ്ണമായും ആക്ടിൽ ഭേദഗതി ചെയ്ത് ഒഴിവാക്കി. കാർഷിക ഉപകരണങ്ങളുടെ വിൽപ്പനനികുതി പൂർണ്ണമായും ഒഴിവാക്കി: (എസ്.ആർ.ഒ. 126/2000). ഓയിൽ മില്ലുകൾ വെളിച്ചെണ്ണയുണ്ടാക്കാൻ ഉപയോഗിക്കുന്ന കൊപ്രയുടെ നികുതി 3 ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറച്ചു. സോപ്പുണ്ടാക്കാൻ ഉപയോഗിക്കുന്ന വെളിച്ചെണ്ണയുടെ നികുതി ഒരു ശതമാനമായി കുറച്ചു. നാളികേരം അടിസ്ഥാനമാക്കി ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം നികുതിയുണ്ടായിരുന്നത് 4 ശതമാനമായി കുറച്ചു. സഹകരണ സംഘങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന കോക്കനട്ട് മിൽക്ക്, കോക്കനട്ട് ക്രീം, ഇവയുടെ നികുതി പൂർണ്ണമായും ഒഴിവാക്കി. സഹകരണ സംഘങ്ങൾ വാങ്ങുന്ന കരിമ്പിന്റെ പർച്ചേസ് ടാക്സ് ഒഴിവാക്കി. റബ്ബറിന്റെ പർച്ചേസ് ടാക്സ് 12 ശതമാനത്തിൽ നിന്ന് 11 ശതമാനമായും കുറച്ചു. ഒരു ശതമാനം സർച്ചാർജ്ജ് ഉണ്ടായിരുന്നത് എടുത്തുകളഞ്ഞു. എസ്.റ്റി.സി.സംഭരിച്ചു വിൽക്കുന്ന റബ്ബറിന്റെ അന്തർ സംസ്ഥാന നികുതിയായ 4 ശതമാനവും ഒഴിവാക്കി 20 ഹെക്ടർ വരെയുള്ള കൃഷിഭൂമിയിൽ നിന്നും വെട്ടി വിൽക്കുന്ന റബ്ബർത്തടികൾ പർച്ചേസ് ടാക്സിൽനിന്ന് പൂർണ്ണമായും ഒഴിവാക്കി. 20 ഹെക്ടർ വരെയുള്ള റബ്ബർക്കൃഷിക്കാരുടെ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കി. കെമിക്കലി ട്രീറ്റഡ് റബ്ബറിന്റെ നികുതി 12 ശതമാനത്തിൽ നിന്ന് 6 ശതമാനമായി കുറച്ചു. (വെറും റബ്ബർമരം മുറിച്ചുവിറ്റാലും പർച്ചേസ് ടാക്സ് വേണ്ട) അടയ്ക്ക, കുരുമുളക് എന്നിവയുടെ വിൽപ്പന നികുതി 8 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറച്ചു. ചായയുടെയും കാപ്പിയുടെയും ഇന്റർസ്റ്റേറ്റ് വിൽപ്പന നികുതി എടുത്തുകളഞ്ഞു.

മി. സ്പീക്കർ : ഇത്രയും മതി പ്ലീസ് . . . . . .

ശ്രീ. ടി. ശിവദാസമേനോൻ : നെല്ലുസംഭരണ സംഘങ്ങൾ സംഭരിച്ച നെല്ലിന്റെ നികുതി പൂർണ്ണമായും ഒഴിവാക്കി. തോട്ടണ്ടിയുടെ നികുതി 8 ശതമാനത്തിൽനിന്ന് 3 ശതമാനമായി കുറച്ചു. കാപ്പിയുടെ വിൽപ്പന നികുതി . . . . (ബഹളം) . . . . . ഡേറ്റ് ഞാൻ പറഞ്ഞുതരാം . . . . . കാപ്പിയുടെ വിൽപ്പന നികുതി 8 ശതമാനത്തിൽ നിന്ന് 3 ശതമാനമാക്കി. 20 ഹെക്ടർ വരെയുള്ള കാപ്പിക്കൃഷിക്കാരുടെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് എടുത്തുകളഞ്ഞു. ലേലം ചെയ്യുന്ന തേയിലയുടെ വിൽപ്പന നികുതി 8 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറച്ച് അതിന്റെ സമയവും എക്സ്റ്റെന്റ് ചെയ്തു. തേയിലയുടെ സംസ്ഥാനാന്തര നികുതി 4 ശതമാനത്തിൽ നിന്ന് 2 ശതമാനമായി കുറച്ചു. ഏലം, നാളികേരം, റബ്ബർ, അടയ്ക്ക, കുരുമുളക് തുടങ്ങി എല്ലാ വിളകളുടെയും കാർഷികാദായ നികുതിയും കോംമ്പൗണ്ടിംഗ് നിരക്കും എല്ലാ സ്ലാബിലും കുറവുവരുത്തിയിട്ടുണ്ട്. ഇനി എന്താണ് വേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പണം . . . . . .

ശ്രീ. എ.കെ. ആന്റണി : സർ, ഒരു ക്ളാരിഫിക്കേഷൻ.

മി. സ്പീക്കർ : ക്ളാരിഫിക്കേഷനുണ്ടെങ്കിൽ എനിക്ക് കുഴപ്പമില്ല. ക്ളാരിഫിക്കേഷൻ ചോദിച്ചാൽ അദ്ദേഹത്തിന് പറയാൻ ധാരാളം കാര്യങ്ങളുണ്ടാകും.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : അദ്ദേഹം കഴിഞ്ഞ നാലു ബഡ്ജറ്റുകളിലും പ്രഖ്യാപിച്ച കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. എനിക്ക് അദ്ദേഹത്തോട് ചോദിക്കാനുള്ളത് രണ്ടു കാര്യങ്ങളാണ്. ഇവിടെ ശ്രീ. കണാരൻ ഉൾപ്പെടെ ഭരണകക്ഷിയും പ്രതിപക്ഷവും പറഞ്ഞ കാര്യമാണ് കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക എന്നുള്ളത്. അതു പോലെ കഴിഞ്ഞ ബഡ്ജറ്റിൽ നികുതി ഏകീകരണത്തിന്റെ പേരിൽ അങ്ങ് വർദ്ധിപ്പിച്ച വെളിച്ചെണ്ണയുടെയും റബ്ബറിന്റെയും കാപ്പിയുടെയും രാസവസ്തുക്കളുടെയും നികുതി വർദ്ധനവ് പിൻവലിക്കുക. അങ്ങ് ഇതിന് തയ്യാറുണ്ടോ?

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പണം.....ഇവിടെ ഫിനാൻസിന്റെ ഡിസ്കഷൻ നടക്കുന്നുണ്ട്. ആ സന്ദർഭം ഫലപ്രദമായി ഉപയോഗിക്കാം. അവസാനം ചോദ്യം ചോദിക്കാം. എന്തുവേണമെങ്കിലും ചെയ്യാം.

VI. റിപ്പോർട്ട്സമർപ്പണം

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർക്കുവേണ്ടി ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, സംസ്ഥാന ഭരണതലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,11,50,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,16,45,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യാർത്ഥനയുടെ പേരിൽ 5,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും ട്രഷറികളും അക്കൗണ്ടു

LIBRARY ARCHIVES Kerala Legislative Assembly